(ബി) സുമാർ നല്ല ചാക്ക് പ്രത്യേക ആവശ്യത്തിന്ന കൊടുത്തുവരാറുണ്ട്.

(സി) ഉവ്വ് 10 ചാക്ക്.

(ഡി) ഏതാണ്ട് ജനസംഖ്യ അനുസരിച്ചാണ്.

(ഇ) മേൽകൊടുത്ത മറുപടികൊണ്ട് ഉത്തരം ആവശ്യമില്ല.

**Mr. M. O. Thomakutty** *(Commerce and Industry)*: May I know the present quota of sugar for this State in this year?

**Mr. P. Govinda Menon** *(Minister for Food and Education)*: 3,900 tons.

**Mr. M. O. Thomakutty** *(Commerce and Industry)*: What was it for the previous year?

**Mr. P. Govinda Menon** *(Minister for Food and Education)*: The same.

**Mr. M. O. Thomakutty** *(Commerce & Industry)*: What is the special reason for increasing the price?

**Mr. P. Govinda Menon** *(Minister for Food and Education)*: I do not think it arises from this question.

**Mr. P. Kumaran Ezhuthassan** *(Vadakkancheri)*: May I know with reference to the 35 bags whether this was given under permit for ten annas?

**Mr. P. Govinda Menon** *(Minister for Food and Education)*: It refers to last year, when there was no increase in the price.

## COCOANUT CESS—COLLECTION OF

**167.** മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുവാൻ ദയവുണ്ടാകുമോ,—

(എ) (i) 1956-57 ൽ ഏതുമാസംമുതലാണ് Cocoanut cess പിരിച്ചു തുടങ്ങിയത്; (ii) ഈ ഇനത്തിൽ കഴിഞ്ഞകൊല്ലം അവസാനംവരെ എത്ര പിരിഞ്ഞുകിട്ടിയിട്ടുണ്ട്; (iii) ഇതിൽ കൊടുങ്ങല്ലൂരിൽനിന്നും പിരിഞ്ഞുകിട്ടിയ സംഖ്യ എത്ര;

(ബി) (i) ഗവൺമെണ്ടിന്റെ ഏതു വകുപ്പിലെ വരവിനത്തിലാണ് ഈ Cocoanut cess ഉൾപ്പെടുത്തുന്നത്; (ii) ഈ സെസ്സ് പിരിക്കുന്നതിന്ന് ഗവൺമെണ്ടിന്ന എന്തെങ്കിലും ചിലവു വരുന്നുണ്ടോ; (iii) ഉണ്ടെങ്കിൽ കഴിഞ്ഞ കൊല്ലത്തിൽ എങ്ങിനെ എത്ര ചിലവായി;

(സി) (i) ഈ സെസ്സ് പിരിവുകൊണ്ട് ഗവൺമെണ്ട് വല്ല പ്രത്യേക കാര്യവും ഉദ്ദേശിച്ചിട്ടുണ്ടോ; (ii) അങ്ങിനെ വല്ലതും ഉണ്ടെങ്കിൽ അതിനെ അല്പമൊന്ന വിശദീകരിച്ച് മനസ്സിലാക്കുമോ;

(ഡി) കൊച്ചിയിൽ എത്ര ഓയിൽമില്ലുകൾ ഉണ്ട്; (i) 1956-ൽ എല്ലാ മില്ലുകളിലുംകൂടി ആട്ടിയ കൊപ്ര എത്ര?

റാവുബഹദൂർ ടി. കെ. നായർ:

(എ) (i) 1956 ധനുമാസംമുതൽ; (ii) 1956 കർക്കിടകം അവസാനംവരെ ആകെ ഈ ഇനത്തിൽ 1,നൂറ്റി,നൂറ്റി ഒൻപ. പിരിഞ്ഞുകിട്ടിട്ടുണ്ട്; (iii) 1നൂറ്റി,നൂറ്റിയൻ. രൂപ. 8ണ. 7പ.

(ബി) (i) എക്സൈസ്സ് വകുപ്പിൽ; (ii) ഉവ്വ്; (iii) രണ്ട് സബ്ബ് ഇൻസ്പക്ടർമാർക്കും രണ്ട് പെറിഅപ്പീസ്സർമാർക്കും നാലു ശിപായിമാർക്കുംകൂടി ശമ്പളം, ബത്ത, അപ്പീസ്സ് ചിലവുംപ്പെടെ ആകെ 1956-57ൽ 1,17 രൂപ നൂറ്റി. ചിലവായിട്ടുണ്ട്. ഈ ചിലവുവരുന്ന സംഖ്യ കേന്ദ്രഗവൺമെണ്ടിൽനിന്ന് ഈ ഗവൺമെണ്ടിലേക്ക തരുന്നുണ്ട്.

(സി) (i) ഉവ്വ്; (ii) കൊച്ചി 1956-ൽ IV-ാംആക്ടിന്റെ preamble-ൽ വിവരിച്ചിട്ടുള്ള ഉദ്ദേശത്തിന്നാണ് (കൊച്ചിരാജ്യത്ത് നാളികേരകൃഷി, വ്യവസായം, ഉപയോഗം ഇതുകൾ വർദ്ധിപ്പിക്കുവാൻവേണ്ടി).

(ഡി) (i) 80 മില്ലുകൾ; (ii) 1,നൂറ്റി,നൂറ്റി 0 ടൺ നൂറു ശതമുള്ളക്കം.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഒരു കൊല്ലത്തിൽ 6 മാസംകൊണ്ട് കേരകൃഷിയിൽനിന്നും 1,നൂറ്റി,നൂറ്റി 1 രൂപ പിരിച്ചെടുത്തിട്ടുണ്ട്. അതിനുശേഷം ഇതുവരെ കേരകൃഷിക്കും, കേരവ്യവസായത്തിന്നും എന്തെല്ലാം പ്രോത്സാഹനങ്ങൾ ചെയ്തുകൊടുത്തു എന്നു പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: അതു ചെയ്യേണ്ടതു ഈ ഗവൺമെണ്ടല്ല; പിരിച്ചെടുക്കേണ്ട ചുമതലമാത്രമെ ഈ ഗവൺമെണ്ടിനുള്ളു.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഈ സംഖ്യ പിരിച്ചു കൊടുക്കാൻ മാത്രമെ ഗവൺമെണ്ടിന ചുമതലയുള്ളു എന്നാണൊ പറയുന്നതു?



LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: അഖിലേന്ത്യാകാര്യങ്ങളിലൊക്കെ ഇതുയ്ക്കു അധികാരമുള്ള.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഇവിടത്തെ വ്യവസായത്തിന്റെ അഭിവൃദ്ധിയെ സംബന്ധിച്ച് ഉപദേശിക്കുവാനെങ്കിലും ഗവമ്മെണ്ടിനധികാരമില്ലേ?

റാവുബഹദൂർ ടി. കെ. നായർ: അതിനു കേരകഷ്കമ്മറിയെ വെച്ചിട്ടുണ്ട്. അതിന്റെ ഉപദേശമനുസരിച്ചാണ് കേന്ദ്രക്കമ്മറി പ്രവർത്തിക്കുന്നതു. കൊച്ചിരാജ്യത്തിലും അതിന്റെ പ്രവർത്തനങ്ങൾ ഉണ്ടാകും.

മിസ്റ്റർ പി. കെ. ഡീവർ: കേരവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു റിസർച്ചു നടത്താനായി രണ്ടു സ്റ്റേഷൻ തുടങ്ങിയിട്ടുള്ളതായി അറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: അറിയാം. കാസർകോട്ടും, കായങ്കുളത്തും രണ്ടു റിസർച്ചു സ്റ്റേഷൻ തുടങ്ങിയിട്ടുണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: കായങ്കുളത്തും, കാസർകോട്ടും ഓരോ റിസർച്ച് സ്റ്റേഷൻ സ്ഥാപിച്ചതുകൊണ്ട് ഇവിടത്തെ കേരകൃഷിക്കു ഗുണവുമുണ്ടാകുമെന്നാണൊ ഗവമ്മെണ്ടു കരുതുന്നതു?

റാവുബഹദൂർ ടി. കെ. നായർ: അതുകൊണ്ടു ഗുണമില്ലെങ്കിൽതന്നെ ഇവിടത്തെ ഗവമ്മെണ്ടിനു അതിനെ സംബന്ധിച്ചു ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. ഇവിടെയും ചിലതൊക്കെ ചെയ്തിട്ടുണ്ട്. ഞാറയ്ക്കൽ ഒരു കോ-ഓപ്പറേറിവ് മാർക്കറിംഗ് സൊസൈറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽനിന്നും പണം ചിലവുചെയ്യുന്നുണ്ട്. അതുപോലെ ഇരിങ്ങാലക്കുടയിൽ നല്ലതൈകൾ കിട്ടാനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ സംഖ്യ പിരിച്ചെടുത്തു എക്സൈസ്സ് ഡിപ്പാർട്ടുമെൻറിൽ വരവുവെക്കുന്നുണ്ടെന്നു പറഞ്ഞല്ലോ; അതുകൊണ്ടു എന്തു ഗുണമാണു കിട്ടുന്നതു?

റാവുബഹദൂർ ടി. കെ. നായർ: പിരിച്ചെടുത്തുകൊടുത്താൽ നേരത്തെ പറഞ്ഞ ഗുണങ്ങൾ ഉണ്ടാകും.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഇങ്ങിനെ പിരിച്ചെടുക്കുന്ന തുക എക്സൈസ്സ് ഡിപ്പാർട്ടുമെൻറിൽ ചേർക്കുന്നതു എന്തിനാണു?

റാവുബഹദൂർ ടി. കെ. നായർ: വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ വേണമെങ്കിൽ ചേർക്കാം. അടക്കയുടെ നികുതി ഈ ഡിപ്പാർട്ടുമെൻറിൽ നിന്നാണ് പിരിക്കുന്നതു. അതുപോലെ ഇതും ചെയ്യുന്നു എന്നേയുള്ള.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: കൊല്ലത്തിൽ രണ്ടു ലക്ഷത്തോളം രൂപാ കേരകൃഷിക്കാരുടെ അടുക്കൽ നിന്നു തട്ടിപ്പറിക്കേണ്ട ചുമതല മാത്രമേ ഇവിടത്തെ ഗവമ്മെണ്ടു ഏറ്റെടുത്തിട്ടുള്ളു എന്നാണൊ ഞങ്ങൾ മനസ്സിലാക്കേണ്ടതു?

റാവുബഹദൂർ ടി. കെ. നായർ: ഇതു തട്ടിപ്പറിക്കലാകാം. ഇൻന്ത്യാഗവമ്മെണ്ടു പാസാക്കിയ നിയമമാണിതു. അതനുസരിച്ചു പിരിച്ചു കൊടുക്കാൻ നാം ബാദ്ധ്യസ്ഥരാണ്.

മിസ്റ്റർ പി. കെ. ഡീവർ: കേരകൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി ഇങ്ങിനെ ഒരു കമ്മറി സ്ഥാപിച്ചിട്ടുള്ളതു കേരകർഷകരുടെ ആവശ്യപ്രകാരമല്ലേ?

റാവുബഹദൂർ ടി. കെ. നായർ: കേന്ദ്രഗവമ്മെണ്ടിന്റെ ആവശ്യപ്രകാരം കേരകർഷകകമ്മറിവെച്ചിട്ടുണ്ട്. അതിൽ കൊച്ചിയുടെ പ്രതിനിധിയുമുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: കൊച്ചിരാജ്യത്തെ കേരകൃഷിക്കാരുടെ സംഘം ഇങ്ങനെയൊരു കമ്മറിവേണമെന്നാവശ്യപ്പെട്ടതായി അറിഞ്ഞുകൂടേ?

റാവുബഹദൂർ ടി. കെ. നായർ: ഉണ്ടായിരിക്കാം. അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly